പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1511 14.12.2012- ൽ മറുപടിക്ക്

## വിദേശജയിലുകളിൽ കഴിയുന്ന പ്രവാസികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി) |
| (എ) വിദേശ ജയിലുകളിൽ കഷ്ടപ്പെടുന്ന മലയാളികൾ ഉണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ; | (എ) വിദേശ രാജ്യങ്ങളിൽ ജയിലിൽ അകപ്പെടുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല എന്നതിനാൽ വിവിധ കുറ്റകൃത്യങ്ങളുടെ പേരിൽ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ എത്ര മലയാളികൾ ഉണ്ട് എന്നതിനെ സംബന്ധിച്ച് കൃത്യമായ കണക്ക് സർക്കാരിന്റെ പക്കലില്ല. |
| (ബി) വിദേശജയിലുകളിൽ കഴിയുന്ന പ്രവാസികളെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കമോ;<br><br>(സി) വിദേശ ജയിലുകളിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായവും മറ്റും നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി & സി) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടു വന്ന് അവരുടെ മോചനത്തിനു വേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ആവശ്യമായ കേസുകളിൽ നിയമസഹായം നൽകാനും എംബസിയോട് അഭ്യർത്ഥിക്കാറുണ്ട്. വിദേശങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റു നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേയ്ക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് നടപടികൾ |

സ്വീകരിച്ചുവരുന്നു. ഗൾഫ് നാടുകളിലെ ജയിലുകളിൽ കഴിയുന്ന നിരപരാധികളായ കേരളീയരെ തിരികെ നാട്ടിൽ എത്തിക്കുന്നതിന് നോർക്ക – റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ സ്വപ്ന സാഫല്യം പദ്ധതിക്ക് രൂപം നൽകി സൗദി അറേബ്യയിൽ പ്രാബല്യത്തിൽ വരുത്തിക്കഴിഞ്ഞു. ഇതുവരെ ഈ പദ്ധതിയിലൂടെ 74 പേരെ നാട്ടിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. നോർക്ക വകുപ്പിൽ നിന്നും ആവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന സന്ദേശം ലഭിച്ചുകഴിഞ്ഞാൽ എംബസി തുടർനടപടികൾ സ്വീകരിച്ച് അവരെ മോചിപ്പിച്ച് വരികയാണ് ചെയ്യുന്നത്. ആവശ്യമെങ്കിൽ അധികവിവരങ്ങൾ അവർ ഈ വകുപ്പിൽ നിന്നും വാങ്ങാറുണ്ട്.

സെക്ഷൻ ഓഫീസർ